ലേഖനം

# തമസോമാ ജ്യോതിർഗമയ



കെ. മുരളീധരൻ
*ജീവകാരുണ്യകുടുംബം ആഗോളചെയർമാൻ*

**ആ**റുവയസ്സു മുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്കു സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പു നൽകുന്ന നിയമം ഇൻഡ്യൻ പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കി എന്നുള്ള വാർത്ത അത്യധികം സന്തോഷത്തോടെയും നിറഞ്ഞ അഭിമാനത്തോടെയുമാണ് വായിച്ചത്.

മാനവവിഭവശേഷി വകുപ്പ് മന്ത്രി കപിൽ സിപിൽ അവതരിപ്പിച്ച ചരിത്രപ്രധാനമായ ഈ ബില്ല് ഐക്യരാഷ്ട്രസംഘടന 1989-ൽ ഏകകണ്ഠേന പാസ്സാക്കിയ, മാനവ ചരിത്രത്തിൽ ഇതിഹാസമായി മാറിയ കുട്ടികളുടെ അവകാശ ഉടമ്പടിയാണ് ഓർമ്മിപ്പിക്കുന്നത്. മഹത്തായ ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 21 A യിൽ രേഖപ്പെടുത്തിയിരിക്കുന്ന മൗലികാവകാശത്തിന്റെ ഉജ്ജ്വലമായ പ്രായോഗിക തലമാണിവിടെ ഉയർത്തെഴുന്നേറ്റത്. ഭരണഘടനയുടെ 86-ാം ഭേദഗതിയിൽ ഉൾപ്പെട്ട "The Right of Children to Free and Compulsory Education Bill" ഇന്ത്യൻ ഭരണഘടനയുടെ മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്ന ആർട്ടിക്കിൾ 21 A യിൽ ഉൾപ്പെടുത്തി ആറുവയസ്സിനും പതിനാലു വയസ്സിനും ഇടയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം സൗജന്യവും സാർവ്വജനീനവും നിർബന്ധിതമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബാലവേലയിൽ നിന്ന് കുട്ടികളെ മോചിപ്പിച്ച് നിർബന്ധിത വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യയിൽ പതിനാലു വയസ്സിനു താഴെവരുന്ന പത്തുകോടിയോളം കുട്ടികൾ ഔപചാരിക വിദ്യാഭ്യാസം ലഭിക്കാതെ വിവിധ വേലകളിൽ ഏർപ്പെട്ടിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

മുൻപ് സൂചിപ്പിച്ചതുപോലെ ഐക്യരാഷ്ട്രസംഘടയുടെ ജനറൽ അസംബ്ലി അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടി എന്ന ചരിത്രപ്രധാനമായ രേഖയിൽ ഭാരതവും ഒപ്പിട്ട രാജ്യങ്ങളിൽ പെടുന്നു. ലോകമെമ്പാടുമുള്ള സമസ്തകുട്ടികളുടെയും ശാരീരികവും മാനസികവും ആരോഗ്യപരവും സാമൂഹ്യവും, വിദ്യാഭ്യാസപരവും, ആത്മീയവുമായ വികസനത്തിന് ആവശ്യമായ നിയമങ്ങൾ എല്ലാ രാജ്യങ്ങളിലും നിർമ്മിക്കാൻ ഈ ഉടമ്പടി നിഷ്കർഷിക്കുന്നു.

1959 ൽ ഐക്യരാഷ്ട്രസംഘടന കുട്ടികളുടെ അവകാശ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അപ്രകാരം ഓരോ കുട്ടിക്കും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശം അവന്റെ ജന്മാവകാശമാണ്. ഓരോ കുട്ടിക്കും ഒരു പേരിനും, ഒരു കുടുംബത്തിനും, ഭക്ഷണം, പോഷകാഹാരം, വിദ്യാഭ്യാസം, വൈദ്യപരിചരണം തുടങ്ങിയവ നിർബന്ധമായും നൽകാൻ ഈ അവകാശ പ്രഖ്യാപനം ഗൗരവപൂർവ്വം ആഹ്വാനം ചെയ്യുന്നു. മുകളിൽ സൂചിപ്പിച്ച കുട്ടികൾ എന്ന നിർവ്വചനം പതിനാലു വയസ്സുവരെയുള്ള വ്യക്തികളെയാണ്.

ഇന്ത്യയിലെ കുട്ടികളുടെ എണ്ണം ജനസംഖ്യയുടെ 35 ശതമാനത്തിലധികം (മൂന്നിലൊന്ന്) വരുമെങ്കിലും അവരുടെ താൽപര്യങ്ങൾക്ക്, ആഗ്രഹങ്ങൾക്ക്, അവകാശങ്ങൾക്ക് നാം മുൻഗണന നൽകിയിട്ടില്ല എന്ന് വസ്തുതകൾ പരിശോധിക്കുമ്പോൾ കാണാം. കുട്ടികളുടെ മൗലികാവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വിദ്യാഭ്യാസം. ഒരു കുട്ടിയുടെ വ്യക്തിപ്രഭാവം (Personality) വികസിക്കുന്നതും പ്രഫുല്ലമാകുന്നതും അവന്റെ കഴിവുകളുടെയും



**കുട്ടികളുടെ അവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വിദ്യാഭ്യാസം. ഒരു കുട്ടിയുടെ വ്യക്തിപ്രഭാവം (Personality) വികസിക്കുന്നതും പ്രഫുല്ലമാകുന്നതും അവന്റെ കഴിവുകളുടെയും പ്രതിഭയുടെയും സുഗന്ധവും, സൗന്ദര്യവും, സൗരഭ്യവും പരത്തുന്നതും വിദ്യാഭ്യാസത്തിലൂടെയാണ്. അറിവിന്റെയും ചിന്തയുടെയും അനന്തമായ ചക്രവാളത്തിലേക്ക് വിദ്യാഭ്യാസം അവനെ നയിക്കുന്നു.**

**സമൂഹത്തിലെ അധസ്ഥിതരും സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായും പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്കു വിദ്യാഭ്യാസം, അവരുടെ ജന്മാവകാശമാണ്. അത് അവർക്കു ലഭിക്കേണ്ട സാമൂഹ്യനീതിയാണ്. ഈ പശ്ചാത്തലത്തിൽ പുതിയ നിയമം പോരായ്മകൾ പരിഹരിച്ചു ഫലപ്രദമായി നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും ധാർമ്മികതയും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുണ്ടാകണം.**

പ്രതിഭയുടെയും സുഗന്ധവും, സൗന്ദര്യവും, സൗരഭ്യവും പരത്തുന്നതും വിദ്യാഭ്യാസത്തിലൂടെയാണ്. അറിവിന്റെയും ചിന്തയുടെയും അനന്തമായ ചക്രവാളത്തിലേക്ക് വിദ്യാഭ്യാസം അവനെ നയിക്കുന്നു.

സഹസ്രാബ്ദങ്ങൾക്കു മുൻപു തന്നെ, പൗരാണിക ഭാരതത്തിൽ പോലും വിദ്യാഭ്യാസത്തിനു വളരെ പ്രാധാന്യം കൊടുത്തിരുന്നു. ആർഷ സംസ്കാരമാണ് ഭാരതത്തിന്റേത്. ഗുരുകുല വിദ്യാഭ്യാസമൊക്കെ അതിന്റെ പ്രാരംഭദിശയിലെ വിദ്യാഭ്യാസ സമ്പ്രദായങ്ങളായിരുന്നു.

സ്വതന്ത്രഭാരതത്തിൽ വിദ്യാഭ്യാസത്തിന് പഞ്ചവൽസര പദ്ധതികളിൽ പോലും വേണ്ടത്ര പ്രാധാന്യം കൊടുത്തുവെങ്കിലും, മിക്ക ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ അത് വേണ്ടത്ര ഫലപ്രദമായി എത്തിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. വിദ്യാഭ്യാസ മേഖലയിൽ അനവധി പരിഷ്കാരങ്ങൾ പല അവസരങ്ങളിലുമുണ്ടായിട്ടുണ്ട്. അനവധി പരിഷ്കാര കമ്മീഷനുകൾ തങ്ങളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചു.

നിരവധി ഭാഷകളും സംസ്കാരങ്ങളും ആചാരഅനുഷ്ഠാനങ്ങളും ജാതികളും വിശ്വാസങ്ങളും കൊണ്ട് സങ്കീർണ്ണമായ, നാനാത്വവും വൈവിധ്യവും നിലനിൽക്കുന്ന ഭാരതത്തിൽ വിദ്യയുടെ കിരണങ്ങൾ ഗ്രാമാന്തരങ്ങളിൽ എത്തുന്നതിന് വളരെ കാലമെടുത്തു. രാഷ്ട്രപിതാവ് സ്വപ്നം കണ്ട വിദ്യാഭ്യാസ സമ്പ്രദായം എലിമെന്ററി സ്കൂളുകളിൽ തുടങ്ങിയുള്ള അടിസ്ഥാനവിദ്യാഭ്യാസമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണ് ഗാന്ധിയൻ തത്വശാസ്ത്രത്തിലൂന്നിയ വിദ്യാഭ്യാസ രീതി. വിദ്യാഭ്യാസം ഫലപ്രദമായി ഗ്രാമങ്ങളിൽ എത്താതിരുന്നതിന്റെ മറ്റൊരു കാരണം ദാരിദ്ര്യവും സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയുമാണ് എന്നു കാണാം. ജനസംഖ്യയിൽ ലോകത്തു രണ്ടാം സ്ഥാനത്തു നിൽക്കുന്ന ഇന്ത്യയിൽ വിദ്യാഭ്യാസമുൾപ്പെടെയുള്ള മാറ്റങ്ങൾക്ക് അവധാനത ഏറുന്നു എന്നുള്ളത് മറ്റൊരു യാഥാർത്ഥ്യം.

ഇന്ത്യയിലെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു സുപ്രധാന കാൽവയ്പാണ് 1968 ൽ ആവിഷ്കരിച്ച ദേശീയ വിദ്യാഭ്യാസനയം. ദേശീയോദ്ഗ്രഥനത്തിനും സാംസ്കാരിക സാമൂഹ്യവികസനത്തിനും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിലെ ഹതഭാഗ്യരായ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും വളരെ പ്രാധാന്യം നൽകുന്നതാണ് ഈ നയം. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും പുതിയ പശ്ചാത്തലത്തിൽ ഇന്ത്യയുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറയായ മതനിരപേക്ഷത, ജനാധിപത്യം, സോഷ്യലിസം ധാർമ്മികത തുടങ്ങിയവയ്ക്കു മങ്ങലേൽപിക്കുന്ന ഈ വർത്തമാന കാലത്ത് വിദ്യാഭ്യാസ രംഗത്തുണ്ടായ ഈ പുതിയ നയം-നിയമം തീർച്ചയായും ഒരു മാറ്റത്തിനു നാന്ദികുറിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.



2001 ൽ ആരംഭിച്ച സർവ്വശിക്ഷാ അഭിയാൻ എന്ന പ്രോജക്ട് എലിമെന്ററി വിദ്യാഭ്യാസത്തിന്റെയും പ്രൈമറി വിദ്യാഭ്യാസത്തിന്റെയും കുട്ടികളുടെ കൊഴിച്ചിൽ കുറയ്ക്കാൻ ഉപകരിക്കുകയും, വിദ്യാഭ്യാസരംഗത്ത് പുരോഗതിയുണ്ടാക്കാൻ ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി മൂലം വിദ്യാഭ്യാസം കുറെക്കൂടി പ്രായോഗികവും ആകർഷണീയവുമായി.

ഈ ബില്ല് ഭാരതത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉണർവ്വും ഊർജ്ജവും പ്രഭാവം ചെയ്യുമെന്നതിന് തർക്കമില്ല. ഇതിലെ സുപ്രധാനവും സവിശേഷവുമായ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1) സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിയുന്ന സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ഹതഭാഗ്യരായ കുട്ടികൾക്ക് സ്വകാര്യസ്കൂളുകളിൽ 25% സംവരണം ഏർപ്പെടുത്തുന്നു. സ്കൂളുകൾ ചിലവഴിക്കുന്ന തുക സർക്കാർ തിരികെ നൽകും.

2) യാതൊരുവിധ സംഭാവനകളോ തലവരി ഫീസോ (ഡൊണേഷൻ, ക്യാപ്പിറ്റേഷൻ) കുട്ടികളിൽ നിന്നും വാങ്ങാൻ പാടില്ല. കുട്ടിയെയോ, രക്ഷാകർത്താവിനെയോ, ഒരു കാരണവശാലും ഇന്റർവ്യൂ ചെയ്യാൻ പാടില്ല.

3) സർക്കാരിന്റെ അനുമതി കൂടാതെ ഒരു കാരണവശാലും ഒരു പ്രസ്ഥാനവും സ്കൂളുകൾ ആരംഭിക്കാൻ പാടില്ല.

4) കുട്ടികളെ ശാരീരികമായി ശിക്ഷിക്കുകയോ, പുറത്താക്കുകയോ, ഡിറ്റൻഷൻ നടത്താനോ പാടില്ല.

5) തെരഞ്ഞെടുപ്പ്, സെൻസെസ്സ്, പ്രകൃതിദുരന്തം മൂലമുള്ള രക്ഷാപ്രവർത്തനങ്ങൾ എന്നിവയ്ക്കല്ലാതെ യാതൊരു വിദ്യാഭ്യാസേതര പ്രവർത്തനങ്ങൾക്കും അദ്ധ്യാപകരെ നിയോഗിക്കാൻ പാടില്ല.

ഈ ബില്ല് ഇതേ രീതിയിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ചില ഭവിഷ്യത്തുകൾ ഇത്തരുണത്തിൽ പങ്കുവയ്ക്കുകയാണ്. എലി

മെന്ററി വിദ്യാഭ്യാസ (പ്രീ പ്രൈമറി വിദ്യാഭ്യാസം) ത്തെപ്പറ്റി ഈ നിയമം യാതൊന്നും പരാമർശിക്കുന്നില്ല. ആറുവയസ്സിനു താഴെയുള്ള കുട്ടികളെപ്പറ്റിയും പതിനാലു വയസ്സിനു മുകളിലുള്ളവരെപ്പറ്റിയും യാതൊന്നും പ്രദിപാദിച്ചിട്ടില്ല.

ദേശീയതലത്തിൽ ഇന്നു നേരിടുന്ന അദ്ധ്യാപകരുടെ അപര്യാപ്തത, താഴ്ന്ന നിലവാരത്തിലുള്ള അവരുടെ കഴിവുകൾ, സർക്കാർ സ്കൂളുകളിലെ പരിമിതമായ സൗകര്യങ്ങൾ തുടങ്ങിയവയ്ക്കു പരിഹാരം കണ്ടെത്തണം. മൂന്നു വർഷത്തിനുള്ളിൽ എല്ലാ ഗ്രാമങ്ങളിലും, പിന്നോക്കം നിൽക്കുന്ന നഗരപ്രദേശങ്ങളിലും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ലളിതവും ചിലവു കുറഞ്ഞതുമായ ഒരു കർമ്മപരിപാടി കൊണ്ടു വരേണ്ടതുണ്ട്. ഒരു കുട്ടിപോലും സ്കൂളിൽ ഹാജരാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണ്.

25% സംവരണം ചെയ്യുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ ചെലവിന്റെ ഒരു പങ്ക് സംസ്ഥാന സർക്കാരുകൾ വഹിക്കണമെന്നാണ് കേന്ദ്രം ആവശ്യപ്പെടുന്നത്. സംസ്ഥാനസർക്കാരുകളാവട്ടെ അതിനു സമ്മതിക്കുന്നില്ല. മുഴുവൻ ചെലവും കേന്ദ്രം വഹിക്കണമെന്നാണവരുടെ വാദം. ധന, നിയമ മന്ത്രാലയങ്ങൾ കേന്ദ്രഫണ്ട് വിനിയോഗിക്കുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചിരിക്കുന്നു. ഇക്കാര്യത്തിന് പ്രതിവർഷം 55000 കോടിരൂപ വരുമെന്ന കണക്കുകൂട്ടലിലാണ് മാനവവിഭവശേഷി മന്ത്രാലയം. ഇക്കാര്യത്തിൽ പ്ലാനിംഗ്കമ്മീഷൻ അനുമതി നൽകിയിട്ടില്ല. ചുരുക്കിപറഞ്ഞാൽ സംവരണകാര്യത്തിൽ തീരുമാനമായിട്ടില്ല. ഈ സാഹചര്യത്തിൽ ഈ നിയമം നീട്ടിക്കൊണ്ടുപോകാൻ കേന്ദ്രം ആലോചിക്കുന്നതായി അറിയുന്നു.

നിയമം കൊണ്ടുവന്നതുകൊണ്ട് മാത്രം രാജ്യത്തെ എല്ലാ കുട്ടികളും സ്കൂളിൽ പോകണമെന്നില്ല. തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ട പൂർണ്ണ ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്. സമൂഹത്തിലെ അധസ്ഥിതരും സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായും പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്കു വിദ്യാഭ്യാസം അവരുടെ ജന്മാവകാശമാണ്. അത് അവർക്കു ലഭിക്കേണ്ട സാമൂഹ്യനീതിയാണ്. ഈ പശ്ചാത്തലത്തിൽ പുതിയ നിയമം പോരായ്മകൾ പരിഹരിച്ചു ഫലപ്രദമായി നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും ധാർമ്മികതയും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുണ്ടാകണം.